സുഗന്ധദ്രവ്യങ്ങളുടെ കൃഷിയും വിപണനവും വികസിപ്പിക്കുന്ന നടപടി

15 (*225)ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധദ്രവ്യങ്ങളുടെ കൃഷിയും വിപണനവും സമഗ്രമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്തിന് എപ്രകാരമാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒൻപതാം പദ്ധതിയിൽ സുഗന്ധദ്രവ്യത്തിന്റെ ഉല്പാദനത്തിൽ 10% വർദ്ധനവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ഡി) ഇല്ല. എന്നാൽ മുൻ വർഷങ്ങളിൽ കേന്ദ്രസർക്കാരിന്റെ സുഗന്ധവിള കൃഷി വികസനത്തിന് സാമ്പത്തിക സഹായം നൽകിയിരുന്നു. ഈ വർഷവും ഈ പദ്ധതിക്ക് അനുമതി പ്രതീക്ഷിക്കുന്നുണ്ട്.

മണി ചെയിൻപോലുള്ള സമാന്തര സാമ്പത്തിക ഇടപാടുകൾ

16 (*226)ശ്രീ. സെബാസ്റ്റ്യൻപോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണി ചെയിൻപോലുള്ള സമാന്തര സാമ്പത്തിക ഇടപാടുകൾ അനധികൃതമായി സംസ്ഥാനത്ത് ഇപ്പോഴും നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഇടപാടുകൾമൂലം സർക്കാരിന് ഉണ്ടാകുന്ന നികുതിചോർച്ചയുടെ തോത് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇത്തരം സമാന്തര സാമ്പത്തിക ഇടപാടുകളെ നിയന്ത്രിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly